(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/ഐ.ഡി.കെ-8/1386/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം,ഇടുക്കി
തീയതി: 06.10.2016
doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവന്താനം ഗ്രാമപഞ്ചായത്ത്

സർ,
വിഷയം : പെരുവന്താനം ഗ്രാമപഞ്ചായത്ത് -2015-16ലെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്
*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1, 3-2, 3-3, 3-6 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/ഐ.ഡി.കെ-8/1386/2016 തീയതി: 06.10.2016

# ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.02.2016 മുതൽ 23.09.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്. മുരളീദാസ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.09.2016 മുതൽ 01.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. കെ.കെ വിനോദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ. ടി. എസ് ധനജയൻ, അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വി.ജി. സജിമോൻ , അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മേജോ കെ. ജോർജ്ജ്, സീ. ഗ്രേ ഓഡിറ്റർ |
| | ശ്രീ. ബാബുരാജ് കെ.ബി, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | |
| ശ്രീമതി. ജാൻസി ടോമി | 01.04.2015മുതൽ 31.10.2015 വരെ |
| ഭരണ നിർവ്വഹണ കമ്മറ്റി | 01.11.2015 മുതൽ 30.12.2015 വരെ |
| ശ്രീ. കെ. ടി. ബീന | 01.12.2015 മുതൽ 31.03.2016 വരെ |

| | |
|---|---|
| സെക്രട്ടറി | |
| ശ്രീ. സി.എസ് നാസർ | 01.04.2015മുതൽ 31.03.2016 വരെ |
| അസി. സെക്രട്ടറി | |
| ശ്രീമതി. സോഫിയ മാത്യു | 01.04.2015 മുതൽ 17.08.2015 വരെ |
| ശ്രീമതി. സിന്ധുമോൾ കെ.കെ | 18.08.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | |
| ശ്രീ. ജോസഫ് വിൽഫ്രഡ് | 01.04.2015മുതൽ 04.08.2015 വരെ |
| ശ്രീമതി. സുമയ്യ സി. വി. | 05.08.2015മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | |
| ശ്രീ. രാജേന്ദ്രപ്രസാദ് | 01.04.2015മുതൽ 17.08.2015 വരെ |
| ശ്രീമതി. മേരിലത | 18.08.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | |
| ശ്രീമതി. കെ. എ രേഖാമോൾ | 01.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്രവൈസർ | |
| ശ്രീമതി. സി.എം സൈനമ്മ | 01.04.2015മുതൽ 11.05.2015 വരെ |
| ശ്രീമതി. സതി | 12.05.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ | |
| ഡോ. ഡി.അശ്വിൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | |
| ഡോ.അരുൺ രാജ് | 01.04.2015മുതൽ 21.06.2015 വരെ |
| ഡോ.മായാദേവി | 22.06.2015മുതൽ 18.01.2016 വരെ |
| ഡോ. ഹേമാതിലക് | 19.01.2016മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | |
| ഡോ. എം.വി അനുപമ | 01.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | |
| ഡോ. സന്തോഷ് ജോസഫ് | 01.04.2015മുതൽ 06.03.2016 വരെ |

| | |
|---|---|
| ഡോ. നിർമ്മല പ്രിയദർശിനി | 07.03.2016മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ് | |
| ശ്രീമതി. എലിസബത്ത് കുരുവിള | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-1 |
| 14 | തടികളുടെയും ശിഖരങ്ങളുടെയും ലേലം സംബന്ധിച്ച് | 2-2 |
| | ഭാഗം 3 | |
| 15 | ജി.ഐ ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ്-അധിക നിരക്ക് നൽകിയത് | 3-1 |
| 16 | വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് അംഗീകരിക്കുന്നില്ല-ചെലവ് നിരാകരണം ₹.6471/- | 3-2 |
| 17 | ഗുണഭോക്താവല്ലാത്തയാൾക്ക് ധനസഹായം-₹.7000/- ന്റെ ചെലവ് നിരാകരിക്കുന്നു. | 3-3 |
| 18 | മോട്ടോർ വാഹന നിയമം ലംഘിച്ചതിനുള്ള പിഴ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കി-ചെലവ് നിരാകരണം-₹.1000/- | 3-4 |

| | | |
|---|---|---|
| 19 | വാഹന വാടക നൽകിയത് അംഗീകരിക്കുന്നില്ല-₹.22,200/- | 3-5 |
| 20 | വിവിധ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ-തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസി മരുന്നുകൾ ലഭ്യമാക്കിയില്ല | 3-6 |
| 21 | പാലിയേറ്റീവ് കെയർ പ്രോജക്ട്-മാനേജ്മെന്റ് കമ്മറ്റി യോഗം ചേരുന്നില്ല. | 3-7 |
| 22 | ഭൂരഹിത ഭവനരഹിത പുനരധിവാസം-സ്ഥലം ലഭിച്ച വ്യക്തികൾക്ക് വീട് അനുവദിച്ചിട്ടില്ല. | 3-8 |
| 23 | ശബരിമല സ്പെഷ്യൽ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച ടോയ് ലെറ്റ് കോംപ്ലക്സ് നിഷ്ക്രീയ ആസ്തിയായി | 3-9 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി | 3-10 |
| | ഭാഗം 4 | |
| 25 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം | 4-1 |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകളുടെ വിവരം | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| | അനുബന്ധം | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 30.03.2015 ലെ കമ്മറ്റിയിൽ അവതരിപ്പിച്ച് അംഗീകരിച്ചിട്ടുണ്ട്. 27.02.2015 ലെ സ.ഉ (സാധാ).40/2015/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. 10.03.2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിന്

ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് സിംഗിൾ എൻട്രി സംവിധാനത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിലും ഡബിൾ എൻട്രി സംവിധാനത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിലുള്ള കൃത്യമായ താരതമ്യം ഓഡിറ്റിൽ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 04.06.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | - | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിരിക്കുന്നു. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,53,01,666.00 |
| വരവ് | 3,84,81,198.00 |
| ആകെ | 5,35,49,864.00 |
| ചെലവ് | 4,83,22,833.00 |
| നീക്കിയിരിപ്പ് | 52,27,031.00 |

## 1-5 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന് അനുവദിച്ച ബജറ്റ് വിഹിതം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ട്രഷറി പത്രിക, വാർഷിക കണക്കുകൾ എന്നിവ പരിശോധിച്ച പ്രകാരം ഗ്രാമപഞ്ചായത്തിന് 2015-16 ൽ ലഭ്യമായ വിവിധ ഫണ്ടുകൾ, അവയുടെ ചെലവ് വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | ലഭ്യമായ ഫണ്ട് | ആകെ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 17,03,522 | 1,28,18,520 | 1,45,22,042 | 1,01,91,024 | 70.18 |
| വികസനഫണ്ട് എസ്.സി.പി. | 11,43,205 | 22,70,000 | 34,13,205 | 32,92,683 | 96.45 |
| വികസനഫണ്ട് ടി.എസ്.പി. | 14,15,324 | 20,31,000 | 34,46,324 | 22,51,417 | 65.33 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 19,79,381 | 83,90,000 | 1,03,69,381 | 95,22,404 | 91.83 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 8,95,046 | 27,15,000 | 36,10,046 | 31,89,379 | 88.35 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 7,88,550 | 33,76,435 | 41,64,985 | 41,61,807 | 99.92 |
| പെർഫോമൻസ് ഗ്രാന്റ് | 31,11,340 | 0 | 31,11,340 | 30,23,622 | 97.18 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1,68,581 | 4,75,270 | 6,43,851 | 6,29,153 | 97.82 |
| ബി ഫണ്ട് | 0 | 1,66,32,885 | 1,66,32,885 | 1,66,32,885 | 100 |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ആദ്യ വിഹിതം മുൻ വർഷങ്ങളിലേതുപോലെ രസീത് ചെയ്താണ് എടുത്തത്. മേൽ അലോട്ട്മെന്റ് ഉൾപ്പടെ 30.10.2015ലെ നീക്കിയിരിപ്പ് വികസന ഫണ്ട്-പൊതു വിഭാഗത്തിലേക്ക് മാറ്റുകയും പിന്നീട് നീക്കിയിരിപ്പ് തുക അലോട്ട്മെന്റായി ലഭിച്ച ശേഷം റിവേഴ്സ് എൻട്രി നടത്തി കറക്ട് ചെയ്തിട്ടുള്ളതിനാൽ വാർഷിക കണക്കുകളിലെ റസിപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഒന്നാം വിഹിതം ഇരട്ടിച്ച് വന്നിട്ടുണ്ട്.

30.10.2015 ന് ഓരോ അക്കൗണ്ടിലും ഉണ്ടായിരുന്ന നീക്കിയിരുപ്പ് തുക വികസനഫണ്ട് -പൊതുവിഭാഗത്തിലേക്ക് വകയിരുത്തി. മേൽ അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക തീരുന്നതുവരെ വികസന ഫണ്ട് പൊതുവിഭാഗത്തിന്റെ ചെലവ് ചെയ്യുകയും ചെയ്തു. 31.3.2016ൽ അവശേഷിച്ച തുക സർക്കാരിലേക്ക് തിരികെ പിടിച്ചു.

വികസനഫണ്ട്-പൊതുവിഭാഗത്തിന്റെ ബജറ്റ് വിഹിതം 87,07,000 ആയിരുന്നുവെങ്കിലും 2014-15 ൽ പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അധികം ലഭിച്ച വിഹിതം കുറവ് ചെയ്ത തുകയാണ് 2015-16ൽ ലഭിച്ചത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 5,18,34,487 | 168 | 3,66,06,595 | | 29 | 85.28 |

അംഗീകാരം ലഭിച്ച പ്രോജക്ടുകളിൽ 85 ശതമാനവും നടപ്പാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. ഉൽപാദന മേഖലയിൽ 12 ഉം സേവന മേഖലയിൽ 65 ഉം പശ്ചാത്തല മേഖലയിൽ 91ഉം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. മറ്റ് മേഖലകളെ അപേക്ഷിച്ച് ഉൽപാദന മേഖലയിൽ ആവിഷ്കരിച്ച പ്രോജക്ടുകൾ കുറവാണ്. ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങളും കൃഷി അനുബന്ധ ജോലികളിൽ എർപ്പെടുന്നവരായതിനാൽ ഉൽപാദന മേഖലയുടെ ഉന്നമനത്തിന് കൂടുതൽ പ്രോജക്ടുകൾ നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

പട്ടികവർഗ്ഗ ഉപപദ്ധതിയിൽ 12 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 6 എണ്ണമാണ് 2015-16 ൽ നടപ്പാക്കിയിട്ടുള്ളത്. പട്ടികവർഗ്ഗ വിഭാഗത്തിന് ലഭ്യമായ തുകയുടെ 63 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷം ജവഹർ ഭവനപദ്ധതി നടപ്പാക്കുന്നതിനായി 60,00,000 വകയിരുത്തിയിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം പദ്ധതി ഉപേക്ഷിച്ചു. പദ്ധതി ആവിഷ്കരിക്കുന്നതിന് മുമ്പ് തന്നെ ഫണ്ടിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 10 അംഗൻവാടി കെട്ടിടങ്ങൾക്ക് പ്രവർത്തനക്ഷമതയില്ലായെന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തന്നെ വിലയിരുത്തിയിട്ടുണ്ട്. മേൽ അംഗൻവാടികെട്ടിടങ്ങൾ അടിയന്തിരമായി നന്നാക്കുകയോ പകരം കെട്ടിടത്തിലേക്ക് മാറ്റുകയോ ചെയ്യേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 23.87 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 24,63,812.00 | 17,50,390.00 | (-) 7,13,422.00 | (-) 28.96 |
| നികുതിയേതര വരവുകൾ | 5,41,649.00 | 5,40,414.00 | (-) 1,235.00 | (-)0.23 |
| മറ്റുവരവുകൾ | 12,747.00 | 6,956.00 | (-) 5,791.00 | (-)45.43 |
| ആകെ | 30,18,208.00 | 22,97,760.00 | (-) 7,20,448.00 | (-)23.87 |

2014-15 വർഷം നികുതിയേതര വരവുകൾ, മറ്റ് വരവുകൾ യഥാക്രമം ₹5,74,138/-, 54,940/- എന്നത് ₹5,41,649/-, ₹12,747/- എന്നായി മാറ്റം വരുത്തിയിരിക്കുന്നു.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 16,680.00 | 12 |
| വാർദ്ധക്യകാല പെൻഷൻ | 1,00,55,670.00 | 1022 |
| കർഷക തൊഴിലാളി പെൻഷൻ | 10,31,430.00 | 125 |
| വിധവ പെൻഷൻ | 38,13,720.00 | 349 |
| 50 വയസിൻ മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾ | 2,94,800.00 | 26 |
| വികലാംഗ പെൻഷൻ | 13,90,585.00 | 120 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

27.09.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12602/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ പ്രധാന രജിസ്റ്ററുകളെല്ലാം തൃപ്തികരമായ രീതിയിൽ പരിപാലിക്കുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി പരിപാലിക്കുന്നില്ല. പഞ്ചായത്ത് കമ്മറ്റി, ഗ്രാമസഭ യോഗങ്ങൾ, സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങൾ എന്നിവയുടെ മിനിട്സ് എഴുതുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2016-22.09.2016 | 01.08.2016-31.08.2016 | 08.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2010-04.10.2010 | 2005-06 മുതൽ 2009-10 വരെ | 11.11.2010 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1. വസ്തുനികുതി തൻവർഷ രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവയിലെ തുകകളും വാർഷിക കണക്കുകളിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. നാളിതുവരെ സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വാല്യുവേഷൻ നടത്തി ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ തുകകളുടെ കൃത്യത വ്യക്തമല്ല.

3. പിരിഞ്ഞു കിട്ടാൻ സാധ്യതയില്ലാത്ത തുകകൾക്ക് പ്രൊവിഷൻ ഇല്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കാത്തത് - സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ/ സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

**(എ)** ജീവനക്കാരുടെ തൊഴിൽനികുതി

| ക്രമ. നം | സ്ഥാപനത്തിന്റെ /ജീവനക്കാരന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | LSGD Section Peruvanthanam | 1 & 2 |
| 2 | കൊശമറ്റം ഫിനാൻസ്, 35-ാം മൈൽ | 1 & 2 |

| | | |
|---|---|---|
| 3 | കൊശമറ്റം ഫിനാൻസ്,പെരുവന്താനം | 1 & 2 |
| 4 | മാവേലിസ്റ്റോർ,പെരുവന്താനം | 1 |

**(ബി)** സ്ഥാപന തൊഴിൽനികുതി

| ക്രമ. നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | SBI , 35-ാം മൈൽ ശാഖ | 1 & 2 |
| 2 | സഹ്യ എന്റർപ്രൈസസ്, 35-ാം മൈൽ | 2 |
| 3 | കൊശമറ്റം ഫിനാൻസ്, 35-ാം മൈൽ | 1 & 2 |
| 4 | കൊശമറ്റം ഫിനാൻസ്, പെരുവന്താനം | 1 & 2 |
| 5 | മാവേലിസ്റ്റോർ,പെരുവന്താനം | 1 |
| 6 | IDCB, 35-ാം മൈൽ ശാഖ | 1 & 2 |
| 7 | പീരുമേട് താലൂക്ക് കാർഷിക വികസന ബാങ്ക്, 35-ാം മൈൽ | 1 & 2 |

തൊഴിൽനികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/ സ്ഥാപനത്തിന്റെ തൊഴിൽനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-2** തടികളുടെയും ശിഖരങ്ങളുടെയും ലേലം-വിവരം ലഭ്യമാക്കുന്നത്- സംബന്ധിച്ച്

ഗ്രാമപഞ്ചായത്ത് കെട്ടിടത്തിന് സമീപത്ത് നിന്ന തേക്കിന്റെ വെട്ടിമാറ്റിയ ശിഖരങ്ങളും 35-ാം മൈൽ അംഗനവാടിക്ക സമീപം വെട്ടിമാറ്റിയ ആഞ്ഞിലി, പ്ലാവ് എന്നീ വൃക്ഷങ്ങളുടെ തടിയും ശിഖരങ്ങളും ലേലം ചെയ്ത് നൽകുന്നതിന്റെ ഭാഗമായി 10.07.2015 ൽ അസി.ഫോറസ്റ്റ് കൺസർവേറ്റർ, ഇടുക്കി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകുകയും 15.09.2015 ൽ ലേലം നടത്തുന്നതിന് ലേലപരസ്യം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതിയിലെ ലേലത്തിലും തുടർന്ന് 03.12.2015,27.01.2016 എന്നീ തീയതികളിൽ നിശ്ചയിച്ച പുനർലേലങ്ങളിലും ആരും പങ്കെടുത്തിരുന്നില്ല എന്ന് കാണുന്നു. വനം വകുപ്പിന്റെ വാല്യുവേഷൻ വളരെ കൂടുതലായതിനാലാണ് ആരും ലേലം കൊള്ളാൻ തയ്യാറാകാതിരുന്നത് എന്ന് അറിയിക്കുകയുണ്ടായി. വെട്ടിയിട്ട് ഒന്നര വർഷത്തിലേറെയായ വൃക്ഷങ്ങളുടെ തടിയും ശിഖരങ്ങളും നശിച്ച് പോകാൻ സാധ്യതയുള്ളതുകൊണ്ട് അടിയന്തിരമായി ആയത് ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **3-1** ജി.ഐ.ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗ് - അധിക നിരക്ക് അനുവദിച്ചിരിക്കുന്നു- നഷ്ടം ₹49,111/-

ജി.ഐ.ഷീറ്റ് ഉപയോഗിച്ചുള്ള റൂഫിംഗിലെതാഴെപ്പറയുന്ന 2 ഇനങ്ങൾക്ക് അധിക നിരക്കിൽ തുക

അനുവദിച്ചിരിക്കുന്നു

1.Roofing with G.I. trafford profile sheet 0.35 mm thick powder coated withoverlaps of 150mm at ends and G.I Hookor crank bolts and nuts including plain washers and bitumin washers etc complete.supplying and roofing with powder coated G.I roofing sheet including G.I nuts and bolts etc .

എന്ന ഇനത്തിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ ഒബ്സേർവ്ഡ് ഡേറ്റാ പ്രകാരം ഗുണഭോക്തൃസമിതിമുഖേന നടപ്പാക്കുന്ന പ്രവൃത്തിക്ക് അനുവദിക്കാവുന്ന നിരക്ക് ₹465.80/m2 യും കരാറുകാർ മുഖേന പദ്ധതി നടപ്പാക്കുമ്പോൾ അനുവദിക്കാവുന്ന നിരക്ക് ₹ 535.70/m2 ഉം ആണ്. വിശദാംശം താഴെ ചേർക്കുന്നു.

| | | | | | |
|---|---|---|---|---|---|
| 132 | Roofing with G.I trafford profilesheet 0.35 mm thick , powder coated with overlaps of 150mm at ends and SS screws including plain washers and bitumen washers etc. complete | | | | |
| | Modified 12.1.3 A | Data for 10 $M^2$ | | | |
| MR | G.I tarfford profile sheet 0.35 mm thick | 1$M^2$ | 11.50 | 269.10 | 3094.65 |
| 8210 | Stainless steel screws 50 mm | 100 Nos | 12 | 260.00 | 31.20 |
| 1208 | Bitumen washer | 100 Nos | 24 | 30.00 | 7.20 |
| | LABOUR: | | | | |
| 112 | Carpenter 2nd class | Day | 1.35 | 399.00 | 538.65 |
| 114 | Beldar | Day | 1.35 | 329.00 | 444.15 |
| | | | | Total | 4115.85 |
| | | | | Market rate = | 3094.65 |
| | | | Add water charges 1% | | 30.95 |
| | | | Total | | 3125.60 |
| | | | | Total excluding Market rate= | 1021.20 |
| | | | Add water charges 1% | | 10.21 |
| | | | Total | | 1031.41 |
| | For 10 Sq.M with Cost Index (A+1.4857B) | | | | 4657.97 |
| | | | Add CPOH 15% | | 698.70 |
| | | | | Total | 5356.67 |

| | | | |
|---|---|---|---|
| | Rate without CP | For 1 Sq.M with Cost Index | 465.80 |
| | Rate with CP | For 1 Sq.M with Cost Index | 535.70 |

2.Plain G.I ridge capping 225 mm flaps with 0.63mm thick/nearest availabe size crank bolts and nuts including plain washers and bitumin washers etc complete.എന്ന ഇനത്തിന് സി.പി.ഡബ്യൂ.ഡി. പുറപ്പെടുവിച്ചിരിക്കുന്ന Analysis of rates for Delhi(vol.I)കോഡ് നം.12.4.2 പ്രകാരമുള്ള നിരക്കാണ് അനുവദിക്കേണ്ടിയിരുന്നത്. ഇടുക്കി/മൂന്നാർ ന്റെ തൻവർഷത്തെ കോസ്റ്റ് ഇൻഡക്സായ 48.57% ഉൾപ്പെടെ ഗുണഭോക്തൃസമിതിമുഖേന നടപ്പാക്കുന്ന പ്രവർത്തിക്ക് ₹649.49/m ഉം കരാറുകാർ മുഖേന പദ്ധതി നടപ്പാക്കുമ്പോൾ അനുവദിക്കാവുന്ന നിരക്ക് ₹ 746.94/m2 ആണ്. എന്നാൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് കൂടിയ നിരക്കിൽ തുക അനുവദിച്ചിട്ടുള്ളതായി കാണുന്നു.

അധിക തുക നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് /നം | കൺവീനർ/ കരാറുകാരൻ, എഗ്രിമെന്റ് നം | ബിൽ നം. തുക | അളവ് ബുക്ക് നം, ഇനം നം, ഇനം, അളവ് | അനുവദിച്ച തുക₹ | അനുവദി ക്കാവുന്ന തുക₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|---|---|
| 1 | പെരുവന്താനം പി.എച്ച്.സി കെട്ടിടം പുനരുദ്ധാരണം. 14/16 | കരാറുകാരൻ- ഒ.എം.സുലൈമാൻ 9/AE/LSGD /PVM/15-16 തീ. 03.08.15 | 69/ 15-16 തീ. 22.02.16 ₹180387 | 319, 3, Roofing 69.24m$^2$ 4, GI Ridge capping, 6m | 69.24x747.90= 51784.60 6x941.80= 5650.80 | 69.24x535.70= 37091.87 6x746.94= 4481.64 | 14692.73 1169.16 15861.89 |
| 2 | 34-ാം മൈൽ വെയിറ്റിംഗ് ഷെഡ് പുനരുദ്ധാരണം. 138/16 | കൺവീനർ-ഗീത സോമനാഥ്, 64/AE/LSG /PVM/15-16 dt22.09.15 | 77/15-16 തീ. 13.10.15 ₹6000/- | 320/15-16, 4, Roofing 14.32m$^2$ | 14.32x650= 9308 | 14.32x465.80= 6670.26 | 2637.74 |
| 3 | ആനചാരി വെയിറ്റിംഗ് ഷെഡ് നിർമ്മാണം. 131/16 | കൺവീനർ-സണ്ണി തോമസ്, 21/AE/LSG /PVM/15-16 dt12.08.15 | 81/15-16 തീ. 28.01.16 ₹127667 | 410/15-16, 8, Roofing 18m$^2$ 9, Ridge capping, 5m | 18x650.30= 11705 5x818.90= 4094.50 | 18x465.8= 8384.40 5x649.49=3247.45 | 3320.60 847.05 |
| 4 | ആനചാരി അംഗൻവാടി & ഗ്രാമകേന്ദ്രം മെയിന്റനൻസ്. 69/16 | കൺവീനർ-ടിജോ മാത്യൂ, 23/AE/LSG /PVM/15-16 dt12.08.15 | 97/15-16 തീ. 21.03.16 ₹201415 | 510/15-16, 8, Roofing | 14.08x650.30= 9156.22 | 14.08x465.80= 6558.46 | 2597.76 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | കപ്പലുവേങ്ങ സബ്സെന്റർ പുനരുദ്ധാരണം. 148/16 | കൺവീനർ-ആർ.ശിവൻ, 50/AE/LSG /PVM/15-16 dt.17.09.15 | 98/15-16 തീ. 21.03.16 ₹293263 | 582/15-16, 11, Roofing, 93.515m$^2$ 14, Ridge capping, 10.6m | 93.515x650.30= 60812.81 10.6x818.9= 8680.34 | 93.515x465.80= 43559.29 10.6x649.49= 6884.59 | 17253.52 1795.75 |
| 6 | കണയങ്കവയൽ സാംസ്കാരിക നിലയം, 125/16 | കൺവീനർ-സജി ജേക്കബ്, 80/AE/LSG /PVM/15-16 dt11.12.15 | 99/15-16 തീ. 21.03.16 ₹5000 | 3, Roofing 15.79m$^2$ | 15.797x650.30= 10272.79 | 15.797x465.8= 7358.24 | 2914.55 |
| | ആകെ | | | | | | 47228.86 |

| | |
|---|---|
| ഉണഭോക്തൃസമിതിമുഖേന നടപ്പാക്കിയ പദ്ധതി കൾക്ക് അധികം നൽകിയ തുക കൂട്ടുക- | (47228.86-15862) ₹31367 |
| വാറ്റ് 5% | ₹1568.34 |
| നിർമ്മാണ തൊഴിലാളിക്ഷേമനിധി വിഹിതം | ₹ 313.67 |
| ആകെ | ₹ 33249 |
| കരാറുകാരൻ നടപ്പാക്കിയ പദ്ധതിയിൽ അധികം നൽകിയ തുക | ₹15862/- |
| ആകെ | ₹49111/- |

അധികം നൽകിയ ₹49111/-എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഇടാക്കേണ്ടതാണ്.

## 3-2 വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണിക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചു ചെലവ് തടസ്സം ₹.6471/-

വാട്ടർ അതോറിറ്റിയുടെ കുടിവെള്ള വിതരണ പൈപ്പുകളുടെ അറ്റകുറ്റപ്പണികളുടെ ചെലവ് പഞ്ചായത്തു ഫണ്ടിൽ നിന്നും വഹിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗ.നം.തിയതി | തുക | ചെയ്ത പ്രവൃത്തി | തുക നൽകാൻ തീരുമാനമെടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|---|
| 21500901/3.3.2016 | 1500 | പെരുവന്താനം അമ്പലം മുസ്ലിംപള്ളി ഭാഗത്തെ വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ വാൽവുകൾ മാറിയതിന്റെ പണിക്കൂലി | നം.1(2) തീയതി 12.2.2016 |
| 21500805/29.1.2016 | 4971 | കൊടികുത്തി വാട്ടർ ടാങ്കിനു സമീപം പൈപ്പ് അറ്റകുറ്റപ്പണി നടത്തിയതിന് നല്കിയ തുക | നം.9(10) തീയതി.27.1.2016 |
| ആകെ | 6471 | | |

വാട്ടർ അതോറിറ്റി പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള ചുമതല പ്രസ്തുത സ്ഥാപനത്തിന് മാത്രമാണ്. ഇതിനായി പഞ്ചായത്ത് ഫണ്ട് ചെലവഴിച്ചത് നിയമാനുസൃതമല്ല. ആയതിനാൽ ₹6471/-യുടെ ചെലവ് ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. പ്രസ്തുത ചെലവ് സംബന്ധിച്ച് തൃപ്തികരമായ മറുപടി ഹാജരാക്കുന്നില്ലെങ്കിൽ ചെലവ് നിരാകരിക്കുന്നതും ഉത്തരവാദിയായ വരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## 3-3 ഗുണഭോക്താവല്ലാത്തയാൾക്ക് ധനസഹായം-₹.7000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിന്റെ ഒന്നാം വാർഡിൽ താമസക്കാരിയായ ഷീജ നാസർ എന്നയാൾക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും ഗാർഹിക കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി വൗച്ചർ നം.21500160/തീയതി.25.6.2015 പ്രകാരം ₹7000/-നല്കിയിട്ടുണ്ട്. വാട്ടർ കണക്ഷൻ ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമല്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെയും, ഗ്രാമസഭ വഴി ഗുണഭോക്താവായി തെരഞ്ഞെടുക്കാതെയും പഞ്ചായത്ത് ഫണ്ടിൽ നിന്നും വ്യക്തികൾക്ക് സാമ്പത്തിക സഹായം നൽകിയത് നിയമാനുസൃതമല്ല. മേൽ ചെലവ് സംബന്ധിച്ച് തൃപ്തികരമായ മറുപടി ഹാജരാക്കുന്നില്ലെങ്കിൽ ചെലവ് നിരാകരിക്കുന്നതും ഉത്തരവാദിയായ സെക്രട്ടറി കമ്മിറ്റി അംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## 3-4 മോട്ടോർ വാഹന നിയമം ലംഘിച്ചതിനുള്ള പിഴ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കി-

ഗ്രാമപഞ്ചായത്തിന്റെ കെ.എൽ-37-2842.നമ്പർ ജീപ്പ് അമിത വേഗത്തിൽ ഓടിച്ചതിന് പോലീസ് വകുപ്പ് ചുമത്തിയ പിഴ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കി. നിയമ ലംഘനം നടത്തിയ വ്യക്തികളിൽ നിന്നും പിഴ ഈടാക്കി ഒടുക്കുന്നതിനുപകരം പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കുകവഴി പൊതു പണം ചെലവഴിക്കുന്നത് സംബന്ധിച്ച നിയമങ്ങളുടെ വ്യക്തമായ ലംഘനമാണ് സെക്രട്ടറി നടത്തിയിട്ടുള്ളത്. നിയമാനുസൃതമായ കാര്യങ്ങൾക്കുവേണ്ടി മാത്രം ചെലവഴിക്കേണ്ട പഞ്ചായത്ത് ഫണ്ട് നിയമ ലംഘനത്തിനുള്ള പിഴ ഒടുക്കു ന്നതിനുപയോഗിച്ച സെക്രട്ടറിയിൽ നിന്നും തുക ഈടാക്കേണ്ടതാണ്. ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം/തിയതി | ഒടുക്കിയ പിഴ |
|---|---|
| 21500342/11.9.2015 | ₹ 500 |
| 21500704/4.1.2016 | ₹ 500 |
| ആകെ | ₹1000 |

## 3-5 വാഹന വാടക നൽകിയത് ചെലവ് തടസ്സം - ₹.22,200/-

ക്ഷേമകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി ചെയർമാൻ, ശ്രീ. ചാക്കോ വർഗീസ് ചുവടെ ചേർത്തിരിക്കുന്ന യാത്രകൾ നടത്തിയതിന് വാഹന വാടകയായി ₹22,200 /-തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| യാത്രാ തീയതി | വാഹന വാടക (₹) | വൗച്ചർ നം/തിയതി | യാത്രാ ഉദ്ദേശം | വാഹന വാടക അനുവദി ച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം |
|---|---|---|---|---|
| 29.4.2015 | 5,550 | 21500141/11.6.2015 | ലോക ബാങ്ക് മീറ്റിംങ്ങിന് തിരുവന്തപുരത്തിന് പോയത് | 1(2) തീയതി. 12.5.2015 |
| 24.8.2015 | 5,550 | 21500357/26.9.2015 | ടി. | 14(3) തീയതി. 14.9.2015 |
| 16.9.2015 | 5,550 | 21500468/30.10.2015 | ലോക ബാങ്ക് ധനസഹായം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് | 6(4) തീയതി.29.9.2015 |

| | | | | |
|---|---|---|---|---|
| | | | ഡയറക്ടറെ കാണാൻ പോയത് | |
| 25.9.2015 | 5,550 | 21500469/30.10.2015 | മന്ത്രിയെ കാണവാൻ തിരുവനന്തപുരത്തിന് പോയത്. | 6(3) തീയതി. 26.9.2015 |
| ആകെ | 22,200 | | | |

ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഔദ്യോഗിക ആവശ്യങ്ങൾക്ക് സഞ്ചരിക്കുമ്പോൾ കെ.എസ്.ആർ പ്രകാരം അനുവദനീയമായ യാത്രബത്തയ്ക്ക് മാത്രമാണ് അർഹത. വാഹന വാടക നൽകുന്നതിന് അനുവദിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രകാരമുള്ള ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് തൃപ്തികരമായ മറുപടി ഹാജരാക്കുന്നില്ലെങ്കിൽ മേൽ ചെലവ് നിരാകരിക്കുന്നതും ഉത്തരവാദിയായവരിൽ നിന്നും തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതുമാണ്.

## 3-6 വിവിധ മരുന്നു വാങ്ങൽ പ്രോജക്ടുകൾ -തുകകൾ കൈമാറി നാളുകൾ കഴിഞ്ഞിട്ടും വിതരണ ഏജൻസികൾ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് തൻവർഷത്തെ പദ്ധതിയിലുൾപ്പെടുത്തി മരുന്നുകൾ വാങ്ങുന്നതിനു വിവിധ സർക്കാർ ഏജൻസികൾക്ക് തുകകൾ കൈമാറിയെങ്കിലും അവ നാളിതുവരെ പ്രസ്തുത ഔഷധങ്ങൾ വിതരണം ചെയ്തിട്ടില്ല. പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ, ഹോമിയോ മെഡിക്കൽ ഓഫീസർ എന്നിവർ മുഖേന നടപ്പാക്കിയ ടി പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ, പ്രോജക്ട് നം, പേര് | നിർവഹണ ഏജൻസി | കൈമാറിയ തുക | ഡിഡി.നം.തീയതി | വിതരണം ചെയ്ത മരുന്നുകളുടെ മൂല്യം | ക്രമീകരിക്കാൻ ശേഷിക്കുന്ന തുക |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്'153/16<br>പി.എച്ച്.സിക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 40000 | 515229<br>29.3.16 | 30177 | 9823 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി<br>എസ്'153/16<br>പാലിയേറ്റീവ് കെയർ | കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ<br>തിരുവനന്തപുരം | 149520 | ബിൽ നം.<br>715001174 തീ.8.3.16 | 121613 | 27907 |
| ഹോമിയോ മെഡിക്കൽ ഓഫീസർ<br>എസ്'010/16<br>ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഹോംകോ<br>ആലപ്പുഴ | 40000<br>40000<br>20000 | 228848<br>1.3.16<br>228847<br>1.3.16<br>228850<br>1.3.16 | 10000 | 110000 |
| ഹോമിയോ മെഡിക്കൽ ഓഫീസർ<br>എസ്'010/16<br>പാലിയേറ്റീവ് | ഹോംകോ<br>ആലപ്പുഴ | 10000 | 228842<br>1.3.16 | | |

| | | | | |
|---|---|---|---|---|
| കെയർ | | | | |
| ഹോമിയോ മെഡിക്കൽ ഓഫീസർ എസ്.010/16 | ഹോംകോ ആലപ്പുഴ | 10000 | 228843 1.3.16 | |
| ആകെ ക്രമീകരിക്കാൻ ശേഷിക്കുന്ന തുക | | | | 147730 |

ആവശ്യപ്പെട്ടിരുന്ന ഔഷധങ്ങൾ നാളിതുവരെ ലഭ്യമാകാത്ത സാഹചര്യത്തിൽ, കൈമാറിയതിൽ ക്രമീകരിക്കാൻ ശേഷിക്കുന്ന ₹1,47,730/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 പാലിയേറ്റീവ് കെയർപ്രോജക്റ്റ് -മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന് പ്രസ്തുത പ്രോജക്റ്റിന്റെ മാർഗരേഖയിൽ നിർദ്ദേശമുണ്ട്. (തദ്ദേശസ്വയംഭരണവകുപ്പിന്റെ 23.8.2012-ലെ ജി.ഒ (എംഎസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനുമായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണസമിതിയംഗങ്ങൾ, സിഡിഎസ് ഭരണസമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിയ്ക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. 24.9.2014-നുശേഷം പ്രസ്തുത കമ്മിറ്റി ഒരു യോഗം പോലും ചേർന്നിട്ടില്ല. മുൻകാലയോഗങ്ങൾ യഥാക്രമം 29.10.2011, 12.3.2013, 19.8.2013, 23.12.2013, 24.9.2014 എന്നീ തീയതികളിലാണ് നടന്നിട്ടുള്ളത്. യോഗനടപടികൾ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അത് ചെയർമാനും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. മുൻകാലയോഗങ്ങളും സർക്കാർ നിശ്ചയിച്ച സമയക്ലിപ്തത പാലിച്ചല്ല നടന്നിട്ടുള്ളതെന്ന് കാണാവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ സാന്ത്വന പരിചരണം ആവശ്യമുള്ള 231രോഗികൾക്കുവേണ്ടി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്റ്റിന്റെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിന് കൃത്യമായ ഇടവേളകളിലുള്ള തുടർവിലയിരുത്തലുകൾ അനിവാര്യമെന്നിരിക്കെ അധികൃതരുടെ ഭാഗത്തുനിന്നുള്ള ഇത്തരം അലംഭാവം സ്വാഭാവികനീതി നിഷേധത്തിനു തുല്യമായി മാത്രമേ പരിഗണിക്കാൻ കഴിയൂ. ആകയാൽ പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റിയുടെ യഥാവിധിയുള്ള ഇടപെടലുകൾ സജീവമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-8 ഭൂരഹിത-ഭവനരഹിത പുനരധിവാസം-സ്ഥലം ലഭിച്ച വ്യക്തികൾക്ക് വീട് അനുവദിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2015-16 വാർഷികപദ്ധതിയിലുൾപ്പെടുത്തിയ രണ്ടു പ്രോജക്റ്റുകളിലൂടെ ഭൂരഹിതരായ 3 വ്യക്തികൾക്ക് സ്ഥലം വാങ്ങി നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രം | പ്രോജക്റ്റ് നം,പേര് | ഗുണഭോക്താക്കളുടെ പേര് , |
|---|---|---|

| നം | | വിലാസം |
|---|---|---|
| 1 | എസ്157/16 11,14,വാർഡുകളിൽ സ്ഥലം വാങ്ങൽ (എസ്.സി.പി) | അജയൻ സി.ടി, ചെമ്പകശ്ശേരിൽ, പാലൂർക്കാവ് |
| 2 | -ടി- | അനിത ഷാജി, കൊല്ലമല, പാലൂർക്കാവ് |
| 3 | എസ്.160/16 വൃദ്ധർ ,വികലാംഗർക്ക് സ്ഥലം വാങ്ങൽ | അയ്യപ്പൻ കുട്ടപ്പൻ എടയ്ക്കാട്ടുവയൽ,കുപ്പക്കയം |

വീടുനിർമാണത്തിന്റെ പ്രാരംഭഘട്ടമെന്നനിലയിൽ വസ്തുവാങ്ങി നൽകിയെങ്കിലും പൂരകമായി, നടപ്പു സാമ്പത്തികവർഷത്തെ പദ്ധതിയിൽ പ്രസ്തുത വ്യക്തികളെ ഏതെങ്കിലും ഭവനനിർമാണ പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടില്ല. തന്മൂലം വിഭാവനം ചെയ്ത ലക്ഷ്യം അനന്തമായി നീളുകയാണ്. പ്രത്യേക പരിഗണന ആവശ്യമായ ടി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിന് അടിയന്തിരപ്രാധാന്യം നൽകേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവയുടെ സജീവശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 ശബരിമല സ്പെഷ്യൽ ഫണ്ട് വിനിയോഗിച്ചു നിർമിച്ച ടോയ് ലറ്റ് കോംപ്ലക്സ് നിഷ്ക്രിയ ആസ്തിയായി

മണ്ഡല-മകരവിളക്കുകാലത്ത് ശബരിമലയിലെത്തുന്ന അയ്യപ്പഭക്തർക്ക് തീർത്ഥാടനപാതയിൽ അടിസ്ഥാനസൗകര്യങ്ങൾ സജ്ജീകരിക്കുന്നതിന് 2014-15, 15-16 സാമ്പത്തികവർഷങ്ങളിൽ സർക്കാർ പ്രത്യേകം ഫണ്ടുകൾ അനുവദിച്ചിരുന്നു. ഇതുപ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന് ഇരു വർഷങ്ങളിലായി ₹10,00,000/-ലഭിക്കുകയുണ്ടായി (500000+ 500000). തെരുവു വിളക്കുകൾ സ്ഥാപിക്കൽ, കുടിവെള്ളവിതരണം, ശുചീകരണം, വിശ്രമിക്കുന്നതിന് ബഞ്ച് സ്ഥാപിക്കൽ, ടോയ് ലറ്റ് നിർമാണം തുടങ്ങിയ പ്രോജക്ടുകളാണ് പ്രസ്തുത ഫണ്ട് വകയിരുത്തി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചത്. 2014-15-തീർത്ഥാടനകാലം അവസാനിക്കുന്നതിനുമുൻപ് സർക്കാരിൽ നിന്ന് തുക ലഭിക്കാതിരുന്നതിനാൽ ഇടുക്കി ജില്ലാ കളക്ടർ മുഖേന മുൻകൂറായി ലഭിച്ച ₹200000/-യുള്ള പ്രോജക്ടുകൾ മാത്രമാണ് ടി വർഷം നടപ്പാക്കിയത്. തൻമൂലം സ്പിൽ ഓവറായി ടോയ് ലറ്റ് നിർമാണപ്രോജക്ട് തൻവർഷമാണ് പൂർത്തീകരിച്ചത്. പഞ്ചായത്ത് കാര്യാലയത്തിന് അടിവശത്ത് കുടുംബശ്രീ, വി.ഇ.ഒ, അസി.എൻജിനിയർ, തുടങ്ങിയവരുടെ കാര്യാലയത്തിന് സമീപമാണ് നിർമാണത്തിന് സ്ഥലം കണ്ടെത്തിയത്. ഇവിടെ ₹98766/- ചെലവഴിച്ച് 2 ശുചിമുറികൾ പണികഴിപ്പിച്ചിട്ടുണ്ട്. തീർത്ഥാടകർ കടന്നുപോകുന്ന ദേശീയപാതയിൽ പ്രസ്തുത സൗകര്യം സംബന്ധിച്ച് യാതൊരു ദിശാസൂചകവും പ്രദർശിപ്പിക്കാത്തതിനാൽ പ്രധാനപാതയിൽനിന്ന് ദൂരെ മാറി ജനശ്രദ്ധയിൽപ്പെടാതെ സ്ഥിതി ചെയ്യുന്ന ശൗചാലയം അയ്യപ്പഭക്തർ ഉപയോഗിക്കാനുള്ള സാധ്യത വിരളമാണ്. ശബരിമല തീർത്ഥാടകർക്കുവേണ്ടി ചെലവഴിക്കേണ്ട ഫണ്ട് ഫലത്തിൽ പഞ്ചായത്തിന്റെ ഘടകസ്ഥാപനങ്ങളുടെ അടിസ്ഥാനസൗകര്യ വിപുലീകരണത്തിനു മാത്രമാണ് പ്രയോജനപ്പെട്ടിട്ടുള്ളത്. നിലവിൽ പ്രസ്തുത ശുചിമുറികൾ ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതായും കാണുന്നു. ലഭ്യമാകുന്ന ഫണ്ടിന്റെ ഏതുവിധേനയുമുള്ള വിനിയോഗം മാത്രം ലക്ഷ്യമിടുന്നതിനാലാണ് ഇത്തരത്തിൽ നിഷ്ക്രിയ ആസ്തികൾ ഉണ്ടാകാനിടവരുന്നതെന്ന് സ്പഷ്ടമാണ്. ശബരിമല

സ്പെഷ്യൽ ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗം സാധ്യമാകാത്ത സാഹചര്യത്തിൽ ശൗചാലയനിർമാണത്തിന് ചെലവഴിച്ച ₹98766/- (ചെക്ക് നം.43690/17.6.2015) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് നം : എസ് 090/16

ചെലവഴിച്ച തുക : 356250/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ഡി.ഡി.നം.515237/31.3.2016

57 ഗുണഭോക്താക്കൾക്കു വേണ്ടി ആവിഷ്കരിച്ച പ്രസ്തുത പ്രോജക്ട് പ്രകാരം മൃഗസംരക്ഷണവകുപ്പ് ഇടുക്കി ജില്ലാ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ തുക കൈമാറി . പദ്ധതി പ്രവർത്തനത്തിന്റെ ഭാഗമായുള്ള കാലിത്തീറ്റ വിതരണം പെരുവന്താനം സർവ്വീസ് സഹകരണ ബാങ്ക് മുഖേന നടത്തുവാനാണ് നിശ്ചയിച്ചിട്ടുള്ളത്. തുക കൈമാറി ആറു മാസം കഴിഞ്ഞെങ്കിലും പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ നാളിതുവരെ തുടങ്ങിയിട്ടില്ല. പ്രോജക്ട് ആരംഭിക്കുവാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും അതു പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കള്ളിവയലിൽ പുരയിടം കുഴൽക്കിണർ | 514974 | 44,300 | 44,300 | 0 |
| വാട്ടർ അതോറിറ്റി | സ്റ്റേഡിയം-പാലൂർക്കാവ് റോഡിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 515248 | 75,000 | 0 | 75,000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | ചെറുവള്ളിക്കുളം കുഴൽക്കിണർ | 514852 | 38,160 | 38,160 | 0 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | തെക്കേമല കുഴൽക്കിണർ | 514851 | 45,160 | 45,160 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2047/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-2 | 2,047.00 | ടോം കെ. ജോസഫ്, സെക്രട്ടറി | 11502102792/ 05.03.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-2 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം-3,37,500.00 | പരാമർശം തുടരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 38248198 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 48322833 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 50111 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,82,167 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | | പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| 3-1 | | 49111.00 | 24556 | ശ്രീ. ജോസഫ് വിൽഫ്രഡ്, അസി. എഞ്ചിനിയർ |
| | | | 24555 | ശ്രീ. കെ.ടി ഉഷാനന്ദൻ, അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-4 | | 1000.00 | | ശ്രീ. സി.എസ് നാസർ, സെക്രട്ടറി |
| ആകെ | | ₹50111 | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | ₹6471/- | ശ്രീ.സി.എസ് നാസർ, സെക്രട്ടറി |
| 3-3 | ₹7000/- | ശ്രീ.സി.എസ് നാസർ, സെക്രട്ടറി |
| 3-5 | ₹22,200/- | ശ്രീ. സി.എസ്. നാസർ, സെക്രട്ടറി |
| 3-6 | 37,730.00 | ഡോ. ഡി. അശ്വിൻ, മെഡിക്കൽ ഓഫീസർ |
| 3-6 | 1,10,000 | ഡോ. ഹേമാതിലക്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-9 | 98,766.00 | ശ്രീ.സി എസ് നാസർ, സെക്രട്ടറി |
| ആകെ | 2,82,167/- | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോസഫ് വിൽഫ്രെഡ്, എ.ഇ. | അസിസ്റ്റന്റ് എഞ്ചിനിയർ | ജോളി നിവാസ്, നെടിയകാലായിൽ(വീട്), ഏറ്റുമാനൂർ പി.ഒ. 686631 |
| ശ്രീ. കെ.എം. ഉഷാനന്ദൻ, എ.എ.ഇ. | അസി. എക്സിക്യൂട്ടീവ് എഞ്ചിനിയർ പീരുമേട് | കിഴക്കേൽ വീട് കെ.എസ്.ഇ.ബി. സബ് ഡിവിഷന് സമീപം, കട്ടപ്പന |
| ശ്രീ. സി.എസ് നാസർ, സെക്രട്ടറി | സെക്രട്ടറി, പെരുവന്താനം ഗ്രാമപഞ്ചായത്ത് | ചുവപ്പിൽ, പെരുവന്താനം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-6/131/98 തീ. 28.09.1998 | | |
| 1997-98 | എൽ.എഫ്.ഐ-6/703/99 തീ. 22.01.2000 | | |
| 1998-99 | എൽ.എഫ്.ഐ-6/219/00 തീ. 31.07.2000 | | |
| 1999-00 | എൽ.എഫ്.ഐ-6/188/01 തീ. 12.07.2001 | | |
| 2000-01 | എൽ.എഫ്.ഐ-6/298/03 തീ. 03.07.2003 | | |
| 2001-02 | എൽ.എഫ്.ഐ-6/701/03 തീ. 03.07.2004 | | |
| 2002-03 | എൽ.എഫ്.ഐ-6/492/04 തീ. 20.12.2004 | | |
| 2003-04 | എൽ.എഫ്.ഐ-6/22/06 തീ. 27.06.2006 | | |
| 2004-05 | എൽ.എഫ്.ഐ-6/980/06 തീ. 07.06.2006 | | |
| 2005-06 | എൽ.എഫ്.ഐ-6/281/08 തീ. 10.11.2008 | | |
| 2006-07 | എൽ.എഫ്.ഐ-8/768/09 തീ. 15.05.2009 | | |
| 2007-08 | എൽ.എഫ്.ഐ-8/607/10 തീ. 06.05.2011 | | |
| 2008-09 | എൽ.എഫ്.ഐ-8/558എ/11 തീ. 14.03.2012 | | |
| 2009-10 | എൽ.എഫ്.ഐ-8/558ബി/11 തീ. 14.03.2012 | | |
| 2010-11 & 2011-12 | എൽ.എഫ്.ഐ-8/618/13 തീ. 04.03.2014 | | |
| 2012-13 | എൽ.എഫ്.ഐ-8/540/14 തീ. 10.11.2014 | | |
| 2013-14 | എൽ.എഫ്.ഐ-8/641/15 തീ. 06.08.2015 | | |
| 2014-15 | എൽ.എഫ്.ഐ-8/230/16 തീ. 04.04.2016 | | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./ഐ.ഡി.കെ.-8/1386/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
Phone No : 04862 227332

E-mail : doidk.ksad@kerala.gov.in
തീയതി: 06.10.2016

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## AUDIT CERTIFICATE

No.KSA/IDK-8/1386/2016

Kerala State Audit Department

District Audit Office, Idikki
Dated : 06.10.2016.

Phone No : 04862 227332

E-mail : doidk.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Peruvanthanam Grama Panchayat in Idukki District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of Peruvanthanam Grama Panchayat for the year 2015-16, except the observations in my audit report properly presents the picture of income and expenditure.

**DEPUTY DIRECTOR**
**IDUKKI**